**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471** **17-03-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ആകെ 78062 അപേക്ഷകൾ ELRS പോർട്ടൽ മുഖേന ബാങ്കിൽ സമർപ്പിക്കപ്പെട്ടു. |
| (ബി) | എത്ര അപേക്ഷകർക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ കീഴിൽ നാളിതുവരെ 21035 അപേക്ഷകളിലായി ആകെ 208.39 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്ത 37467 അപേക്ഷകൾ ബാങ്ക്തല പരിശോധനയ്ക്ക് ശേഷം നിരസിച്ചിട്ടുണ്ട്. |
| (സി) | നേരത്തെ അപേക്ഷ സമർപ്പിച്ചവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുമോ; ഇല്ലെങ്കിൽ ഇവരെ വീണ്ടും അപേക്ഷ സമർപ്പിക്കാൻ അനുവദിക്കുമോ? | (സി) | വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സർക്കാർ സഹായം ലഭിക്കുന്നതിന് ELRS പോർട്ടലിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.01.2018 ആയിരുന്നു. പ്രസ്തുത തീയതിക്കകം അപേക്ഷ സമർപ്പിച്ച യോഗ്യരായ അപേക്ഷകർക്ക് അവരുടെ ഓൺലൈൻ അപേക്ഷ ബാങ്ക് തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ